പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 172

27.6.2011 ൽ
മറുപടിയ്ക്ക്

**കോതമംഗലം നിയോജകമണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.യു. കുരുവിള ; | | ശ്രീ. റ്റി.എം. ജേക്കബ് (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ വല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിലും നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിലും പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; | എ) | കോതമംഗലം നിയോജകമണ്ഡലത്തിൽ വല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലെ അടിവാട്, നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ നെല്ലിക്കുഴി എന്നീ സ്ഥലങ്ങളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | കോതമംഗലം നിയോജകമണ്ഡലത്തിലെ പിണ്ടിമന ഗ്രാമ പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോർ നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഉണ്ട്. |
| സി) | ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | സി) | ജീവനക്കാരുടെ അപര്യാപ്തത മൂലമാണ് മാവേലിസ്റ്റോർ ആരംഭിക്കാൻ കാലതാമസം നേരിടുന്നത്. പ്രവർത്തനം ആരംഭിക്കുവാൻ ഉടൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ